ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

LSGD/PD/422/2025-DB2 തീയതി: 30-01-2025

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നത്-സംബന്ധിച്ച്

സൂചന: 1. വനിതാ ശിശു വികസന ഡയറക്ടറുടെ 30.12.2024 തീയതിയിലെ DMCD/2114/2024-ICDSB5 നമ്പർ കത്ത്

സംസ്ഥാനത്തെ എല്ലാ അങ്കണവാടി കെട്ടിടങ്ങളുടെയും ഫിറ്റ്നസ്സ് പരിശോധിപ്പിച്ച് അങ്കണവാടി പ്രവർത്തിക്കുന്നതിന് കെട്ടിടം അനുയോജ്യമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റൻ്റ് എഞ്ചിനീയറിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിലേക്ക് വനിതാ ശിശു വികസന വകുപ്പിൽ നിന്നും ലഭ്യമാകുന്ന കത്തുകളിൽ, പല പഞ്ചായത്തുകളിലും സമയബന്ധിതമായി പരിശോധന നടത്താത്തതിനാൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സൂചന (1) പ്രകാരം ലഭ്യമായ കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടക നിശ്ചയിക്കുന്നതിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനിവാര്യമായതിനാൽ സമയബന്ധിതമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാതെ വരുന്ന സന്ദർഭങ്ങളിൽ, കെട്ടിടത്തിന് വാടക അനുവദിക്കുന്നതിലും കാലതാമസമുണ്ടാകുകയും തന്മൂലം കെട്ടിടം ഒഴിഞ്ഞു കൊടുക്കാൻ കെട്ടിടം ഉടമകൾ ആവശ്യപ്പെടുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട് എന്നുള്ളതിനാലും, അങ്കണവാടി കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ അങ്കണവാടി കെട്ടിടങ്ങളും സമയബന്ധിതമായി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാരും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

Sandeep K G
CHIEF ENGINEER

ഉള്ളടക്കം: 1. സൂചന (1) കത്ത്

Signed by
Sandeep K G
Date: 30-01-2025 19:59:21